"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം - കിഫ്ബിയുടെ ഒരു കോടി രൂപ ധനസഹായത്തോടെ എ.പി.എച്ച്.എസ് അളഗപ്പനഗർ (സ്കൂൾ കോഡ് : 22072) സ്കൂളിന് കെട്ടിടനിർമ്മാണത്തിന് അനുവദിച്ച തുക, ടി സ്കൂളിന്റെ തന്നെ ഹയർസെക്കന്ററി വിഭാഗത്തിന് ലാബ് കെട്ടിടം നിർമ്മിക്കുന്നതിന് (സ്കൂൾ കോഡ് : 08162) അനുവദിച്ചുകൊണ്ട് ഭരണാനുമതി ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.8139/2024/GEDN തീയതി,തിരുവനന്തപുരം, 18-11-2024

പരാമർശം:-
1. 18.06.2019 - ലെ സ.ഉ (സാധാ) നം. 2396/2019/പൊ.വി.വ
2. കില ചീഫ് മാനേജരുടെ 19.02.2024 - ലെ CMPMU - KILA - KIIFB/CL10/177/20 നമ്പർ കത്ത്
3. വിദ്യാകിരണം എക്സിക്യൂട്ടീവ് സെക്രട്ടറിയുടെ 09.10.2024 - ലെ 31/2024/KEM നമ്പർ കത്ത്.

**ഉത്തരവ്**

കിഫ്ബിയുടെ ഒരു കോടി രൂപ ധനസഹായത്തോടെ സംസ്ഥാനത്തെ 446 പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പരാമർശം (1) പ്രകാരം കിലയെ എസ്.പി.വി - യായി ചുമതലപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൽ എ.പി.എച്ച്.എസ് അളഗപ്പനഗർ (സ്കൂൾ കോഡ് : 22072) സ്കൂളും ഉൾപ്പെട്ടിരുന്നു.

(2) പ്രസ്തുത സ്ഥലത്ത് PWD മുഖേന മറ്റൊരു കെട്ടിടം വന്നതിനാൽ ടി സ്ഥലം ഒഴിവാക്കി പകരം ടി സ്കൂളിന്റെ തന്നെ ഹയർ സെക്കണ്ടറി വിഭാഗത്തിന് (സ്കൂൾ കോഡ് : 08162) ലാബ് കെട്ടിടം നിർമ്മിക്കണമെന്ന് സ്കൂൾ അധികൃതർ അഭ്യർത്ഥിച്ചിരുന്നു എന്നും ആയതിനാൽ ഭരണാനുമതി ഉത്തരവിൽ ഭേദഗതി വരുത്തി ടി സ്കൂളിന്റെ ഹയർ സെക്കണ്ടറി വിഭാഗത്തിന് ലാബ് കെട്ടിടം നിർമ്മിക്കുന്നതിന് 1 കോടി രൂപ അനുവദിച്ച് ഉത്തരവുണ്ടാകണമെന്നും പരാമർശം (2) പ്രകാരം കില ചീഫ് മാനേജർ അഭ്യർത്ഥിച്ചിരുന്നു.

(3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. എ.പി.എച്ച്.എസ് അളഗപ്പനഗർ സ്കൂളിന് (സ്കൂൾ കോഡ് : 22072) കെട്ടിടനിർമ്മാണത്തിനായി ഭരണാനുമതി നൽകിയ തുകയായ

**ഒരു കോടി രൂപ ഉപയോഗപ്പെടുത്തി , ടി സ്കൂളിന്റെ തന്നെ ഹയർ സെക്കണ്ടറി വിഭാഗത്തിന് (സ്കൂൾ കോഡ് : 08162) ലാബ് കെട്ടിടം നിർമ്മിക്കുന്നതിലേക്കായി** പരാമർശം (1) ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(4) മേൽ ഭേദഗതിയോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം

2, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , കിഫ്ബി , തിരുവനന്തപുരം

3. ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ , വിദ്യാകിരണം മിഷൻ , തിരുവനന്തപുരം

4. ഡയറക്ടർ , കില, മുളങ്കുന്നത്തുകാവ് , തൃശ്ശൂർ .

5. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ), കേരള , തിരുവനന്തപുരം

6. ധനകാര്യ വകുപ്പ് (02.08.2024 - ലെ അനൗദ്യോഗികക്കുറിപ്പ് നമ്പർ. E - 2805386/EDN - A2/224/2024 - FIN പ്രകാരം)

7. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

8. ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി

9. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sajitha V
Date: 18-11-2024 12:55:12
സെക്ഷൻ ഓഫീസർ